(1)	(2)	(3)
11	അബ്ദുൾ ജലീൽ.എം.കെ.	സീനിയർ എഞ്ചിനീയർ
12	മോഹനൻ. ടി. എസ്.	സീനിയർ എഞ്ചിനീയർ
13	ബാലകൃഷ്ണൻ. സി	സീനിയർ എഞ്ചിനീയർ
14	ഹസ്സൻ. സി	സീനിയർ എഞ്ചിനീയർ
15	ഷാജി. എസ്	പ്രോജക്ട് എഞ്ചിനീയർ
16	മുരളീധരൻ നായർ	പ്രോജക്ട് കമ്മീഷണർ

ജലനിധി പദ്ധതി

242 (931) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് ; വ്യക്തമാക്കുമോ;

(ബി) ഓരോ പഞ്ചായത്തിലെയും പദ്ധതി അടങ്കൽ എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) ഓരോ പഞ്ചായത്തുകളിലും പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലനിധി ഒന്നാം ഘട്ടത്തിൽ കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കി. രണ്ടാംഘട്ടത്തിൽ ബാച്ച് രണ്ടിൽ മണിയൂർ പഞ്ചായത്തിലും ബാച്ച് മൂന്നിൽ ആയഞ്ചേരി, പുറമേരി, വില്യാപ്പള്ളി പഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) കുന്നുമ്മൽ ഗ്രാമപഞ്ചായത്ത്

പ്രവൃത്തി	അടങ്കൽ തുക (രൂപ ലക്ഷത്തിൽ)	ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)
(1)	(2)	(3)
കുടിവെള്ള പദ്ധതികൾ	158.46	125.86
ശുചിമുറികൾ	16.17	8.24

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
കമ്പോസ്റ്റ്	0.48	0.17
ഭൂജല സംവർദ്ധനം	1.06	0.62
ഗ്രാമപഞ്ചായത്ത് ശാക്തീകരണം	10.00	7.06
ഡ്രെയിനേജ്	13.00	10.36
പരിശീലനം	1.58	0.28
ചെറുകിട സംരംഭങ്ങൾ	12.33	--
നൈപുണ്യ വികസനം	2.78	--
ആതന പദ്ധതി	4.54	--

മണിയൂർ ഗ്രാമപഞ്ചായത്ത് :

പ്രവൃത്തി	എണ്ണം	അടങ്കൽ തുക (രൂപ ലക്ഷത്തിൽ)	ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)
കുടിവെള്ള പദ്ധതികൾ	20	1579.67	233.77
ശുചിത്വ പദ്ധതികൾ	97	1.74	1.07
ഭൂജല സംവർദ്ധനം	5	4.90	4.32
ഗ്രാമപഞ്ചായത്ത് ശാക്തീകരണം	...	1.97	1.97
ഇൻഫർമേഷൻ എഡ്യൂക്കേഷൻ കമ്മ്യൂണിക്കേഷൻ	...	0.60	0.60

(സി) കന്നമ്മൽ പഞ്ചായത്തിൽ 28 ചെറുകിട കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതിക്ക് 2001-ൽ കൈമാറിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിലെ ബാച്ച് രണ്ടിൽപ്പെട്ട മണിയൂർ പഞ്ചായത്തിൽ 21 പദ്ധതികളിൽ 18 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പദ്ധതികളുടെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ബാച്ച് മൂന്നിൽപ്പെട്ട ആയഞ്ചേരി, പുറമേരി, വില്യാപ്പള്ളി പഞ്ചായത്തിലെ പദ്ധതികൾ പ്രാരംഭ ഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly